# ലഹരി വിരുദ്ധ ദിനാചരണ പരിപാടികൾ 2022

## ജി എൽ പി എസ് മുള്ളൂർ





സംസ്ഥാന സർക്കാരിന്റെയും പൊതു വിദ്യാഭ്യാസ വകുപ്പിന്റെയും സംയുക്ത നിർദ്ദേശം അനുസരിച്ച് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് ഒക്ടോബർ 6 വ്യാഴാഴ്ച തുടക്കം കുറിച്ചു. രാവിലെ പൊതു അസംബ്ലിയിൽ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ലഹരിയുടെദൂഷ്യഫലങ്ങളെ കുറിച്ച് ബോധവാന്മാരാക്കി.മുഖ്യമന്ത്രിയുടെ ലഹരി വിരുദ്ധ സന്ദേശം തൽസമയ സംപ്രേഷണം രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കും പവർ പോയിന്റിലൂടെ കാണിച്ചു കൊടുത്തു.



ലഹരിക്കെതിരായ പ്രവർത്തനങ്ങളിൽ കുട്ടികളെ ബോധവാന്മാരാക്കുന്നതിന്റെ ഭാഗമായി ഒക്ടോബർ 17 തിങ്കളാഴ്ച ഷോർട്ട് ഫിലിം പ്രദർശനം നടത്തി. ചെറിയ കുട്ടികളും ഇതിനെതിരെ എങ്ങനെയെല്ലാം ബോധവാന്മാരാകണമെന്ന് ഷോർട്ട് ഫിലിമിലൂടെ കുട്ടികൾക്ക് ധാരണ ലഭിച്ചു.



ലഹരി വിരുദ്ധ സന്ദേശം ജനങ്ങളിൽ എത്തിക്കുക എന്നലക്ഷ്യത്തോടെ ഒക്ടോബർ 18 ചൊവ്വാഴ്ച ലഹരി വിരുദ്ധ സന്ദേശ റാലി സംഘടിപ്പിച്ചു.വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളും ലഹരി വിരുദ്ധ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന പ്ലക്കാർഡുകൾ തയ്യാറാക്കി റാലിയിൽ പങ്കുകൊണ്ടു. സ്ക്കൂൾ പിടിഎ പ്രസിഡൻറ് ശ്രീ കെ വി നന്ദകുമാർ നേതൃത്വം കൊടുത്ത റാലിയിൽ കുട്ടികൾ ലഹരി വിരുദ്ധ മുദ്രാവാക്യങ്ങൾ ഏറ്റുചൊല്ലി.





വിദ്യാർത്ഥികളിൽ ലഹരിയുടെ ഉപയോഗം ഇല്ല എന്ന് ഉറപ്പുവരുത്തുന്നതിനായി രക്ഷിതാക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ഒരു ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. ഒക്ടോബർ 18 ഉച്ചയ്ക്ക് രണ്ടുമണിക്ക് പേരാമംഗലം പോലീസ് സ്റ്റേഷനിലെ സബ്ഇൻസ്പെക്ടർ ആയ ശ്രീ സന്തോഷ്

വി. എസ്. രക്ഷിതാക്കൾക്കും കുട്ടികൾക്കുമായി ക്ലാസ് നയിച്ചു. വളരെ ലളിതമായും രസകരമായും നർമ്മത്തോടെയും അദ്ദേഹം കുട്ടികളെയും രക്ഷിതാക്കളെയും ലഹരിയുടെ ആപത്തിനെ കുറിച്ച് വിശദീകരിച്ചു. വാർഡ് മെമ്പർ സീന ഷാജൻ അധ്യക്ഷത വഹിച്ച യോഗത്തിൽ പിടിഎ പ്രസിഡൻറ് ശ്രീ കെ വി നന്ദകുമാർ ഒ എസ് എ സെക്രട്ടറി എന്നിവർ സന്നിഹിതരായിരുന്നു.





ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികളുടെ സമാപന ദിവസമായ നവംബർ 1 ചൊവ്വാഴ്ച ലഹരി വിരുദ്ധ ചങ്ങല വൈകിട്ട് മൂന്ന് മണിക്ക് സംഘടിപ്പിച്ചു.വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, ഒ എസ് എ അംഗങ്ങൾ കുടുംബശ്രീ പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി വാർഡ് മെമ്പർ ശ്രീമതി സീന ഷാജൻ, പി. ടി. എ പ്രസിഡൻറ് ശ്രീ കെ വി നന്ദകുമാർ എന്നിവരുടെ നേതൃത്വത്തിലാണ് ലഹരി വിരുദ്ധ ചങ്ങല സംഘടിപ്പിച്ചത്. തദവസരത്തിൽ ഹെഡ്മിസ്ട്രസ് ഷീജ ടീച്ചർ ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുക്കുകയും കുട്ടികളും മുതിർന്നവരും അത് ഏറ്റുചൊല്ലുകയും ചെയ്തു.

—-----------------+-----------------+---------------+-------------------+---------------
--+----------